(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആന്റ് റീഫോംസ് പ്രോഗ്രാം

1 [3399] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ഡി. ആർ. പദ്ധതി പ്രകാരം വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം വൈദ്യുതി ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് കാൾ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 905 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ 4 നഗരങ്ങളിൽ ഉപഭോക്താക്കളുടെ പരാതികൾ എത്രയും വേഗം പരിഹരിക്കുന്നതിലേക്ക് ട്രബിൾ കാൾ മാനേജ്മെന്റ് സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എ. പി. ഡി. ആർ. പദ്ധതി പ്രകാരം പുതിയതായി 41 ടൗണുകളിൽ കാൾ സെന്റർ സമ്പ്രദായം നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൻമേൽ തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രസ്തുത ടൗണുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി മോഷണം

2 [3401] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിനുവേണ്ടി രൂപീകരിച്ച ആന്റി പവർ തെഫ്റ്റ് സ്കാഡിന് ആധുനിക സാങ്കേതിക ഉപകരണങ്ങൾ നൽകി കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആന്റി പവർ തെഫ്റ്റ് സ്കാഡ് ഇതുവരെ രജിസ്റ്റർ ചെയ്ത വൈദ്യുതി മോഷണക്കേസുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആന്റി പവർ തെഫ്റ്റ് സ്കാഡിലെ എല്ലാ യൂണിറ്റുകൾക്കും ലോ ടെൻഷൻ മോഷണം അളക്കുന്നതിനുള്ള സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, ക്ലാംപ് ഓൺ മീറ്റർ, വോൾട്ട് മീറ്റർ, അമ്മീറ്റർ, സ്റ്റാൻഡേർഡ് ലോഡിംഗ് കിറ്റ് തുടങ്ങിയവയും കോമൺ മീറ്റർ റീഡിംഗ് ഇൻസ്ട്രുമെന്റ് എന്ന സോഫ്റ്റ്വെയർ ഡൗൺ ലോഡ് ചെയ്യാൻ വേണ്ട ലാപ്ടോപ് കമ്പ്യൂട്ടറുകൾക്ക് പർചേസ് ഓർഡറും നൽകിയിട്ടുണ്ട്. കൂടാതെ ഹൈടെൻഷൻ കൺസ്യൂമറിന്റെ തെഫ്റ്റ് അളക്കാനുള്ള സ്റ്റാൻഡേർഡ് റഫറൻസ് മീറ്ററിനുള്ള പർചേസ് ഓർഡർ കൊടുത്തിട്ടുണ്ട്.

(ബി) 966 എണ്ണം. (17-5-2001 മുതൽ 30-6-2005 വരെ)

പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളെ റോഡുവഴി ബന്ധിപ്പിക്കാൻ നടപടി

3 [3457] *ശ്രീ. പി. കെ. കെ. ബാവ:*
„ *കളത്തിൽ അബ്ദുള്ള:*
„ *സി. മോയിൻകുട്ടി:*
„ *കെ. എൻ. എ. ഖാദർ:*
„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ റോഡുവഴി ബന്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളെയാണ് ഇങ്ങനെ റോഡുമുഖാന്തിരം പരസ്പരം ബന്ധപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ പദ്ധതിയനുസരിച്ച് ഇനി ഏതെല്ലാം കേന്ദ്രങ്ങൾ തമ്മിൽ യോജിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്;

(ഡി) അവയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly